"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് - 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയുടെ ആദ്യഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.315/2025/CLAD തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:- 1. 04.01.2021 ലെ 1/2021/ധന നമ്പർ സർക്കുലർ

2. സ.ഉ.(സാധാ) നം.267/2025/സാംകാവ തീയതി, 15.05.2025

3. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 07.05.2025ലെ 432/എ/2025/സിഎൽ നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ "2202-05-102-97-36(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,40,00,000/- രൂപ വിനിയോഗിച്ച് പദ്ധതി നിർവഹണം നടത്തുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും ആദ്യ ഗഡു അടിയന്തരമായി അനുവദിക്കണമെന്ന് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി 2202-05-102-97-36(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 28,00,000/-രൂപ (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) സർക്കുലർ പ്രകാരം പ്രസ്തുത തുക കേരള ബാലസാഹിത്യ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799012700001624 എന്ന PSTSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ധനവിനിയോഗസാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ് ) കേരള, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 27.05.2025- ലെ 3149985 EDN-C3/109/2025-FIN നമ്പർ കുറിപ്പ് പ്രകാരം )

ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ വിഭാഗം )

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (സി1/72/2025-സാംകാവ)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 02-06-2025 16:04:19

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ്. ന്